# തിരുവംഗലം എൽ.പി. സ്കൂൾ

## ഒളവിലം

| | |
|---|---|
| സ്കൂൾ വിലാസം | : തിരുവാംഗലം എൽ.പി. സ്കൂൾ ഒളവിലം |
| വിദ്യാഭ്യാസ ജില്ല | : തലശ്ശേരി |
| റവന്യൂ ജില്ല | : കണ്ണൂർ |
| ഉപജില്ല | : ചൊക്ലി |
| ഭരണവിഭാഗം | : എയ്ഡഡ് |
| പഠനവിഭാഗം | : എൽ.പി. |
| വിദ്യാർത്ഥികളുടെ എണ്ണം | : 33 |
| അധ്യാപകരുടെ എണ്ണം | : 4 + 2 LKG, UKG |
| പ്രധാന അധ്യാപിക | : വി. രാജലക്ഷ്മി |
| മറ്റ് അധ്യാപകർ | : അശ്വിൻ, രമിത്ത്, ബിൻസി, ജിസ്ന |
| പാചക തൊഴിലാളി | : സുമ |

ഒട്ടനവധി മാറ്റങ്ങൾക്ക് സാക്ഷ്യം വഹിക്കേണ്ട വിദ്യാലയമാണ് തിരുവാംഗലം എൽ.പി. സ്കൂൾ. 1 മുതൽ 4 വരെ ക്ലാസിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. ഇതിനായി ഒട്ടനവധി മാറ്റങ്ങൾ വരുത്തേണ്ടത് ആവശ്യമാണ്. സ്കൂൾ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക എന്നതാണ് ആദ്യത്തെപടി. കൂടാതെ ICT വിദ്യാഭ്യാസം മെച്ചപ്പെടുത്തുവാൻ സ്മാർട്ട് ക്ലാസ് റൂം നടപ്പിലാക്കുക. ഗണിതപഠനം എളുപ്പവും മധുരവുമാക്കാൻ മെച്ചപ്പെട്ട ഗണിതലാബ് നിർമ്മിക്കുകയും, ഗണിത ലൈബ്രറിയിലൂടെ ഗണിത പുസ്തകങ്ങൾ ഉൾപ്പെടുത്തി കൊണ്ട് ഗണിതം ആസ്വാദകരമാക്കുകയും ചെയ്യാം.

പ്രകൃതിയെ തിരിച്ചറിയാനും അതിലൂടെ അറിവുകൾ ശേഖരിക്കാനും ഉതകുന്ന രീതിയിൽ ജൈവവൈവിധ്യ പാർക്ക് നിർമ്മിച്ച് സ്കൂളിന്റെ അക്കാദമിക നിലവാരം ഉയർത്തുക എന്നതും ഞങ്ങളുടെ ലക്ഷ്യമാണ്. കുട്ടികളുടെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുകയും അതുവഴി പഠന നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യാൻ പ്രത്യേക പരിശീലന കേന്ദ്രങ്ങൾ തുടങ്ങുക.

വിദ്യാലയത്തിന്റെ സർവതോന്മുഖമായ വളർച്ചയ്ക്ക് ആവശ്യമായ സഹായഹസ്തങ്ങൾ PTA, പൂർവ്വ വിദ്യാർത്ഥികൾ, പഴയകാല അധ്യാപകർ, CSR, H.M, മാനേജർ, അധ്യാപകർ, BRC, CRC, പഞ്ചായത്ത് എന്നിവരിലൂടെ കണ്ടെത്താൻ തീരുമാനിച്ചു.

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## ചെക്ക്‌ലിസ്റ്റ്

1. 5–10 വർഷത്തെ ദീർഘകാല ലക്ഷ്യങ്ങൾ ആണ് ഉൾപ്പെടുത്തിയത്.
പൂർണ്ണമായും ☐ ഒരു പരിധിവരെ ☐ ഏറെക്കുറെ ☑ ഇല്ല ☐

2. എല്ലാതലത്തിലുമുള്ള കുട്ടികളെയും ഉപഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്.
പൂർണ്ണമായും ☐ ഒരു പരിധിവരെ ☐ ഏറെക്കുറെ ☑ ഇല്ല ☐

3. അക്കാദമികമായ നേട്ടങ്ങളുമായി ബന്ധപ്പെടുത്തിയാണ് പ്രവർത്തനങ്ങൾ തയ്യാറാക്കിയത്.
പൂർണ്ണമായും ☐ ഒരു പരിധിവരെ ☑ ഏറെക്കുറെ ☐ ഇല്ല ☐

4. നമ്മുടെ വിദ്യാലയം ഭാവിയിൽ എന്തായിത്തീരണം എന്ന് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.
പൂർണ്ണമായും ☐ ഒരു പരിധിവരെ ☐ ഏറെക്കുറെ ☐ ഇല്ല ☑

5. സമഗ്രമായി വിദ്യാലയപ്രവർത്തനങ്ങളെ സമീപിച്ചിട്ടുണ്ട്
പൂർണ്ണമായും ☐ ഒരു പരിധിവരെ ☑ ഏറെക്കുറെ ☐ ഇല്ല ☐

6. പ്രവർത്തനങ്ങൾക്ക് മുൻഗണനകൾ നിശ്ചയിച്ചിട്ടുണ്ട്.
പൂർണ്ണമായും ☐ ഒരു പരിധിവരെ ☑ ഏറെക്കുറെ ☐ ഇല്ല ☐

7. അക്കാദമിക ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിനായി ഭൗതിക വികസനം എന്ന രീതിയിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.
പൂർണ്ണമായും ☐ ഒരു പരിധിവരെ ☐ ഏറെക്കുറെ ☑ ഇല്ല ☐

8. ബോധനരീതി, പിന്തുണപ്രവർത്തനങ്ങൾ, പഠനസാമഗ്രികൾ,അദ്ധ്യാപക ശേഷികൾ എന്നിവ പുതിയ ലക്ഷ്യങ്ങൾക്കനുസരിച്ച് മാറ്റം വരുത്തി പ്രവർത്തനങ്ങളിൽ ഉൾച്ചേർത്തിട്ടുണ്ട്.
പൂർണ്ണമായും ☐ ഒരു പരിധിവരെ ☑ ഏറെക്കുറെ ☐ ഇല്ല ☐

9. നിലവിലുള്ള വിദ്യാലയ അവസ്ഥയെ വിശകലനം ചെയ്തിട്ടുണ്ട്.
പൂർണ്ണമായും ☐ ഒരു പരിധിവരെ ☑ ഏറെക്കുറെ ☐ ഇല്ല ☐

10. ലക്ഷ്യങ്ങൾ കൃത്യമായി പ്രസ്താവിച്ചിട്ടുണ്ട്
പൂർണ്ണമായും ☐ ഒരു പരിധിവരെ ☑ ഏറെക്കുറെ ☐ ഇല്ല ☐

| ഘടന | ഉണ്ട് | ഇല്ല |
|---|---|---|
| 21.സ്കൂളിന്റെ അക്കാദമിക കാഴ്ചപ്പാട് ഉൾക്കൊള്ളുന്ന ആമുഖം ഉണ്ട് | | ✓ |
| 22. നിലവിലുള്ള അക്കാദമിക അവസ്ഥ വിശകലനം ചെയ്യുന്ന ഹ്രസ്വമായ റിപ്പോർട്ട് ഉണ്ട് | ✓ | |
| 23. മുൻഗണനാക്രമത്തിലെഴുതിയ അക്കാദമിക ലക്ഷ്യങ്ങൾ ഉണ്ട് | ✓ | |
| 24.ഓരോ ലക്ഷ്യങ്ങൾക്കനുസൃതമായുള്ള പ്രവർത്തനശൃംഖല ഉണ്ട് | ✓ | |
| 25. പ്രവർത്തന കാലയളവ് രേഖപ്പെടുത്തിയിട്ടുണ്ട് | ✓ | |
| 26.പ്രധാന ചുമതലകൾ ഉൾപ്പെടുത്തിയിട്ടുണ്ട് | ✓ | |
| 27. സാമ്പത്തിക,മറ്റു സ്രോതസ്സുകൾ ഉൾപ്പെടുത്തിയിട്ടുണ്ട് | ✓ | |
| 28. അദ്ധ്യാപകശേഷി വികസനം, സാമൂഹിക വിദ്യാഭ്യാസം എന്നിവ പ്രവർത്തനങ്ങളിൽ ഉൾച്ചേർത്തിട്ടുണ്ട് | | ✓ |
| 29 .വിലയിരുത്തൽ രീതികൾ,തുടർച്ചകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട് | ✓ | |
| 30. മോണിറ്ററിംഗ് എങ്ങനെയെന്നും പിന്തുണയെങ്ങനെയെന്നും ഉൾപ്പെടുത്തിയിട്ടുണ്ട് | ✓ | |

പ്രവർത്തനങ്ങൾ

1. **മലയാളത്തിളക്കം (Pre-Test)**

ഫ്രീ-ടെസ്റ്റ് നടത്തുന്നു. പിന്നോക്കക്കാരെ കണ്ടെത്തി.

2. **അക്ഷരം ഉറപ്പിക്കൽ (1 month)**

ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

3. **അടയാളങ്ങൾ ഉറപ്പിക്കൽ**

ചിത്രസഹായത്താൽ അടയാളങ്ങൾ ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ.

4. **അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്**

അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ.

5. **ചിത്രം - അടിക്കുറിപ്പ്**

ചിത്രം നൽകൽ, അടിക്കുറിപ്പ് പറയിപ്പിക്കൽ - അധ്യാപികയുടെ സഹായത്തോടെ എഴുതൽ

6. **കഥ- ബാക്കി പറയൽ - എഴുതൽ**

ഒരു കഥയുടെ കുറച്ച് ഭാഗം നൽകുന്ന ബാക്കി പറയിപ്പിക്കുന്നു. എഴുതുന്നു.

7. **കഥാപുസ്തകം - നൽകൽ**

വായന, കുറിപ്പ് തയ്യാറാക്കൽ

8. **CD പ്രദർശനം**

ചിത്രങ്ങൾ അടങ്ങിയ CD പ്രദർശിപ്പിക്കുന്നു. ഓരോ ചിത്രത്തെയും കുറിച്ച് പറയാനവസരം - എഴുതാനവസരം.

9. **ഭിന്നശേഷിക്കാരെ പരിഗണിക്കൽ**

ഭിന്നശേഷിക്കാർക്കായി പ്രത്യേകം പ്രവർത്തന പാക്കേജ് IED അധ്യാപകരുടെ സേവനം

10. **ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ**

ക്ലാസിലെ മുഴുവൻ കുട്ടികളെയും 5 പേർ അടങ്ങുന്ന ഗ്രൂപ്പ് ആക്കുന്നു. എത്ര പുസ്തകം വായിക്കാം. വായനാക്കുറിപ്പ് പുസ്തകം എങ്ങനെ തെരഞ്ഞെടുക്കാം (പാഠഭാഗവുമായി ബന്ധപ്പെട്ടവ) ചർച്ച വായനാക്കുറിപ്പ് അസംബ്ലി, ആകാശവാണി ബാലസഭ എന്നിവയിൽ

ടുത്തൽ, സന്ദേശം കഥാപാത്രനിരൂപണം, സ്വാധീനം, ഇഷ്ടപ്പെടാനുള്ള കാരണം എന്നിവ അവതരിപ്പിക്കൽ. മാസത്തിൽ ഒരു ദിവസം.

18. **വായനാകുറിപ്പ്**

ഓരോ പുസ്തകവായനയുടെയും കുറിപ്പ് ശേഖരിക്കുന്നു. ആവശ്യമായ കൂട്ടിച്ചേർക്കൽ നടത്തുന്നു. പതിപ്പ് പ്രകാശനം.

19. **വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം**

വായന, എഴുത്ത് മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം പാഠഭാഗവുമായി ബന്ധപ്പെട്ടവ, സ്വന്തം സൃഷ്ടികൾ എന്നിവ പരിചയപ്പെടുത്താനവസരം - വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ സാഹിത്യകാരന്മാരെ ക്ഷണിക്കൽ.

20. **ക്ലാസ്, സ്കൂൾ ബാലസഭകൾ.**

ഓരോ ക്ലാസിലും സ്കൂളിലും ബാലസഭ രൂപീകരണം, സ്കൂളിൽ യോഗം സംഘടിപ്പിക്കൽ, സൃഷ്ടികൾ പരിചയം, പ്രകാശനം, അവതരണം, വിദ്യാലയത്തിന് പുറത്ത് ബാലസഭകൾ രൂപീകരിക്കൽ പൊതുജന പങ്കാളിത്തം, സാഹിത്യകാരന്മാരുടെ സാന്നിധ്യം.

21. **ദിനാചരണങ്ങൾ**

വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു.

22. **ആകാശവാണി ക്ലബ്ബ്**

കുട്ടികളുടെ സർഗ്ഗവികസനത്തിന് വിവിധ പരിപാടികൾ ഉൾക്കൊളിച്ച് കൊണ്ട് ആകാശവാണി ക്ലബ്ബ് നടത്തുന്നു. മികച്ച പ്രകടനക്കാരെ, ക്ലാസ്സുകാരെ കണ്ടെത്തൽ, പ്രോത്സാഹനം.

23. **ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും**

ക്ലാസ് മുറിയിൽ, സ്കൂളിൽ ധാരാളം ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത, വായന പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പ്രവർത്തനം, മത്സരങ്ങൾ.

24. **ഇ-വായന - സാധ്യത കണ്ടെത്തൽ**

വിക്കിപീഡിയ പരിചയപ്പെടുത്തൽ, നെറ്റിൽ നിന്നും വിവരം ശേഖരിക്കാനുള്ള നൈപുണി, വായനാക്കൂട്ടത്തിന്റെയും എഴുത്തുകൂട്ടത്തിന്റെയും നേതൃത്വത്തിൽ ബ്ലോഗ് രൂപീകരണം 'ഇ' പേപ്പറുകൾ പരിചയപ്പെടുത്തൽ വിവിധ കൃതികൾ. കവിത എന്നിവ വീഡിയോ കാണൽ.

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | ചുമതല |
|---|---|---|---|---|---|---|
| 1 | ശാസ്ത്രാഭിരുചി വളർത്തൽ | • ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടൽ<br>• ശാസ്ത്രോപകരണ നിർമ്മാണം<br>• ദിനാചരണങ്ങൾ<br>• ലഘുപരീക്ഷണമൂല | ഓരോ അധ്യായന വർഷവും | പുസ്തകങ്ങൾ, ശാസ്ത്രോപകരണങ്ങൾ CD | PTA, HM BRC | ശാസ്ത്രാധ്യാപകൻ |
| 2 | നിരീക്ഷണപാടവം വളർത്തൽ | • ശാസ്ത്രലാബ്, കുടിവെള്ളസംരക്ഷണ പ്രവർത്തനങ്ങൾ, ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ, പ്രകൃതി പഠനയാത്രകൾ, ജൈവവൈവിധ്യ ഉദ്യാനത്തെ പ്രയോജനപ്പെടുത്തൽ, പ്ലാസ്റ്റിക് ഉപയോഗം നിരുത്സാഹപ്പെടുത്തൽ | 4 മാസം | പോസ്റ്റർ, പ്ലക്കാർഡ്, ബോധവൽക്കരണ ക്ലാസുകൾ, പ്ലാസ്റ്റിക് ശേഖരണം, പ്രകൃതിയെ തൊട്ടറിഞ്ഞുകൊണ്ടുള്ള യാത്ര | PTA, HM അധ്യാപകർ | ശാസ്ത്രാധ്യാപകൻ, ശാസ്ത്രക്ലബ്ബ് |
| 3 | ദിനാചരണങ്ങൾ, പോസ്റ്റർ നിർമ്മാണം | • ശാസ്ത്രപ്രദർശനങ്ങൾ<br>• ശാസ്ത്രജ്ഞന്മാരുടെ സംഭാവനകൾ രേഖപ്പെടുത്തിക്കൊണ്ട് ആചരിക്കൽ<br>• ശാസ്ത്രക്വിസ് | ഓരോ അധ്യായന വർഷവും | CD, പുസ്തകങ്ങൾ | PTA, HM ചിലവാകുന്ന തുക 2000 | ശാസ്ത്രാധ്യാപകൻ |

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ | ചുമതല |
| --- | --- | --- | --- | --- | --- |
| 1 | കായികപരിശീലനം കാര്യക്ഷമമാക്കൽ | • രാവിലെയും വൈകുന്നേരവും കായികപരിശീലനം<br>• കുട്ടികൾക്ക് ലഘുഭക്ഷണം നൽകൽ | ആഴ്ചയിൽ മൂന്നു ദിവസം | PTA കായികാധ്യാപകൻ | 10,000 സ്പോൺസർഷിപ്പ് |
| 2. | അവാർഡ്/ സമ്മാനം നൽകി ആദരിക്കൽ | സ്കൂൾ/ഉപജില്ലാതലം / ജില്ലാതലം / സംസ്ഥാനതലം വിജയികൾക്ക് കാഷ് അവാർഡും മൊമന്റോയും നൽകൽ | ഓരോ തലത്തിലും മത്സരങ്ങൾക്ക് ശേഷം | PTA, HM | 10,000 PTA |
| 3 | ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യപരിശോധന നടത്തൽ. | വർഷത്തിൽ 1 വീതം | PTA, HM | 10,000 PTA |
| 4. | ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും മെനു വച്ച് പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസവും | HM, ഭക്ഷണ ചുമതലയുള്ള ടീച്ചർ PTA | CSR ഫണ്ട് |

ലക്ഷ്യങ്ങൾ

- ശാസ്ത്രാഭിരുചി വളർത്തൽ
- നിരീക്ഷണപാടവം വളർത്തൽ
- ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുത്തൽ
- ദിനാചരണങ്ങൾ, പോസ്റ്റർ നിർമ്മാണം

- നിരീക്ഷണം എന്ന പ്രക്രിയാശേഷിയാണ് ശാസ്ത്രത്തിന്റെ അടിത്തറ. ശാസ്ത്രത്തിന്റെ ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും ആർജിക്കുന്നതിന് ഇതിന് വളരെയധികം പ്രാധാന്യമുണ്ട്. ഇതിനായി ഭൗതിക ശാസ്ത്രം, ജീവശാസ്ത്രം എന്നിവയിൽ ഓരോ ഘട്ടത്തിലും നിർദ്ദേശിക്കപ്പെട്ട പഠനാശയങ്ങളും കരിക്കുലം വിഭാവനം ചെയ്ത ലക്ഷ്യങ്ങളും കുട്ടി നേടുന്നു എന്ന് ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളാണ് തയ്യാറാക്കിയത്.

ഞങ്ങൾ ചെയ്യാനുദ്ദേശിച്ച പ്രവർത്തനങ്ങൾ സയൻസ് ക്ലബ്ബ് പ്രവർത്തനങ്ങൾ, ശാസ്ത്രപ്രദർശനങ്ങൾ, സയൻസ് കോർണർ, ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടൽ. ശാസ്ത്രലാബ്, ലഘുപരീക്ഷണമൂല, ശാസ്ത്രോപകരണ നിർമ്മാണം, ശാസ്ത്ര മാഗസിൻ, ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ, കുടിവെള്ള സംരക്ഷണ പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ, അവരുടെ സംഭാവനകൾ രേഖപ്പെടുത്തിക്കൊണ്ട് ആചരിക്കൽ, പ്രകൃതി പഠനയാത്രകൾ, ജൈവ വൈവിദ്യ ഉദ്യാനത്തെ പ്രയോജനപ്പെടുത്തൽ, പ്ലാസ്റ്റിക്ക് ഉപയോഗം നിരുത്സാഹപ്പെടുത്തൽ, ആരോഗ്യ വിദ്യാഭ്യാസത്തിനുള്ള പ്രവർത്തനങ്ങൾ ശുചിത്വ വിദ്യാലയത്തിനായുള്ള വിദ്യാർത്ഥികളുടെ നിയമാവലി തയ്യാറാക്കൽ, ലഹരി വിരുദ്ധ ഗ്രാമപ്രവർത്തനങ്ങൾ, കൃഷിസാധ്യത തിരിച്ചറിയൽ, കൃഷി പതിപ്പുകൾ ഉണ്ടാക്കൽ, ശാസ്ത്ര ക്വിസ്, ശേഖരണങ്ങൾ, ആൽബം തയ്യാറാക്കൽ.

അവതരിപ്പിക്കാനവസരം.

11. ക്ലാസ് ലൈബ്രറി രൂപീകരിക്കൽ

കുട്ടികളുടെ സഹായത്തോടെ LP വായനയ്ക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്ന ഒരു ക്ലാസ് ലൈബ്രറി സജ്ജീകരണം.

12. സ്കൂൾ ലൈബ്രറി നവീകരണം

സ്കൂൾ ലൈബ്രറി നവീകരണം. പുസ്തക വിതരണ രജിസ്റ്റർ, കുട്ടി ലൈബ്രേറിയൻ, പുസ്തകവിതരണം, പുസ്തകങ്ങൾ വിവിധ തലക്കെട്ടോടെയുള്ള ക്രമീകരണം, ബർത്ത്ഡേ, പുസ്തകശേഖരണം.

13. സമീപ ഗ്രന്ഥശാല അംഗത്വം

ഗ്രന്ഥശാലയിൽ അംഗത്വം, പുസ്തക വിതരണം, വായന, എഴുത്ത് പ്രോത്സാഹനം, എന്റെ പുസ്തകം പ്രകാശനം.

14. വായനോത്സവം സംഘടിപ്പിക്കൽ

കുട്ടികളുടെ കൂട്ടായ്മ, യോഗം സംഘടിപ്പിക്കൽ, യോഗത്തിൽ പങ്കെടുത്ത എല്ലാവരും സ്വയം പുസ്തകമായി അനുഭവം പങ്കിടൽ, വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് പ്രകാശനം, അധ്യാപകരുടെ പുസ്തകം പരിചയപ്പെടൽ, വായിച്ച കൃതികളുടെ രംഗാവിഷ്ക്കാരം (പാഠഭാഗവുമായി ബന്ധപ്പെട്ട്) ചൊൽക്കാഴ്ച, നാടകങ്ങൾ എന്നിവയുടെ അവതരണം.

15. പത്രവായന

വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ, പത്രക്വിസ്, വാർത്ത തയ്യാറാക്കൽ, പുതിയ അറിവ് കണ്ടെത്തൽ - വായന - എഴുത്ത്. പത്രം തയ്യാറാക്കൽ (പാഠഭാഗവുമായി ബന്ധപ്പെട്ട്)

16. അമ്മ വായന

സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം തെരഞ്ഞെടുക്കാനവസരം - വായനാമുറി - വായനാക്കുറിപ്പ് തയ്യാറാക്കൽ - മികച്ച കുറിപ്പ് കണ്ടെത്തൽ - പ്രോത്സാഹനം അമ്മ സാഹിത്യസമാജം രൂപീകരിക്കൽ ശില്പശാല.

17. **പുസ്തകചർച്ച - വായനാനുഭവം പങ്കുവയ്ക്കൽ.**

വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ, സാഹിത്യകാരന്മാർ എന്നിവർക്ക് സ്വാഗതം. പാഠഭാഗവുമായി ബന്ധപ്പെട്ട് അധിക വായനയ്ക്ക് നൽകിയ പുസ്തകങ്ങൾ പരിചയപ്പെ

25. വായനാക്കൂട്ടം, എഴുത്തുകൂട്ടം - മോണിറ്ററിംഗ്

അധ്യാപകർ, കുട്ടി പ്രതിനിധി രക്ഷിതാക്കൾ, പ്രാദേശിക സാഹിത്യകാരന്മാർ BRC, DIET അധ്യാപകർ, മറ്റ് സ്കൂളിലെ അധ്യാപകർ എന്നിവരുടെ സേവനം.

26. കാവ്യകൂട്ടം

കുട്ടികളുടെ കവിതകൾ, അധ്യാപകരുടെ കവിതകൾ, രക്ഷിതാക്കളുടെ കവിതകൾ, സമൂഹത്തിലെ വ്യക്തികൾ, പ്രാദേശിക സാഹിത്യകാരൻ, കവികൾ മുതലായവരെ സംഘടിപ്പിച്ച് കാവ്യകൂട്ടം സംഘടിപ്പിക്കുന്നു. (BRC യുടെ സഹായത്തോടെ)

27. എഴുത്തുകൂട്ട രൂപീകരണം

കുട്ടികളെ 5 വീതം എഴുത്ത് കൂട്ടങ്ങളാക്കുന്നു. വ്യക്തഗത രചന, സംഘരചന എന്നിവ സംഘടിപ്പിക്കുന്നു. എഴുത്ത് ഏത് സാഹിത്യ വിഭാഗത്തിൽ, മോണിറ്ററിംഗ് എന്നിവ ചർച്ച ചെയ്യുന്നു.

28. സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം

ഓരോ ദിവസവും ഓരോ കുട്ടി എഴുതണം. വീട്ടിലുള്ള ആരെങ്കിലും ഒരാൾ പുസ്തകത്തെക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്തണം. കൈമാറി, കൈമാറി എല്ലാവരുടെയും രചനകളാകുമ്പോൾ അധ്യാപകരുടെ ആസ്വാദനക്കുറിപ്പും വിലയിരുത്തൽ കുറിപ്പും വീണ്ടും പ്രയാണം.

29. ഇൻലന്റ് മാഗസിൻ, ചുമർ പ്രതിക, പതിപ്പ്

സർഗ്ഗശേഷി പരിപോഷിപ്പിക്കൽ ക്ലാസ് തലത്തിൽ ഇൻലന്റ് മാഗസിൻ, ചുമർ പത്രിക, പതിപ്പുകൾ തയ്യാറാക്കൽ, പ്രകാശനം.

30. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ

പഠനപ്രവർത്തനങ്ങളുമായും വായിച്ച പുസ്തകങ്ങളുമായി ബന്ധപ്പെട്ട വായനാക്കുറിപ്പും ആസ്വാദനക്കുറിപ്പും തയ്യാറാക്കൽ - പതിപ്പ് - പ്രകാശനം.

31. പൊതുവേദിയിലെ പ്രകടനങ്ങൾ

കുട്ടികളിലെ ഭയം, സഭാകമ്പം എന്നിവ മാറ്റിയെടുക്കാൻ അസംബ്ലി, റേഡിയോ ക്ലബ്ബ്, സർഗവേള, ബാലസഭ എന്നിവ സംഘടിപ്പിക്കുന്നു. അവസരം നൽകുന്നു. സ്വന്തം സൃഷ്ടികൾ അവതരിപ്പിക്കാനവസരം. യോഗങ്ങൾ സംഘടിപ്പിക്കൽ.

32. <u>വ്യക്തിഗത രചന, സംഘരചന</u>

കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കാൻ നിരവധി രചനാമത്സരങ്ങൾ സംഘടിപ്പിക്കുന്നു. വിലയിരുത്തൽ, പുസ്തകം തയ്യാറാക്കൽ.

33. <u>ഭാഷാ പ്രോജക്ടുകൾ</u>

ഭാഷയെ കൂടുതൽ മനസിലാക്കാനും ആഴത്തിലുള്ള വായനക്കുമായി ഭാഷയുടെ വിവിധ പ്രോജക്ടുകൾ ചെയ്യുന്നു. (പാഠപുസ്തകവുമായി ബന്ധപ്പെട്ടത്)

34. <u>രചയിതാക്കളെ പരിചയപ്പെടൽ</u>

അസംബ്ലിയിൽ ഒരു ഇനമാകണം. കൃതികൾ സംഭാവന, സവിശേഷത ഇവ പരിചയപ്പെടുത്തണം. രചയിതാവിന്റെ ചിത്രം പ്രദർശിപ്പിക്കൽ, പരിചയപ്പെടുത്തൽ കുറിപ്പുകൾ, കുറിപ്പുകൾ ശേഖരിച്ച് പതിപ്പ്, പവർ പോയിന്റ് അവതരണം. രചയിതാക്കളുടെ ജനനമരണ ദിനാചരണവുമായി ബന്ധപ്പെടുത്തി (പ്രതിമാസം) ജൂലൈ-ബഷീർ, ആഗസ്ത് എസ്.കെ. പൊറ്റക്കാട്.

35. <u>ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾ</u>

BRC, IED, Teachers എന്നിവരുടെ സഹായത്തോടെ ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനം ആസൂത്രണം നടപ്പിലാക്കാൻ പ്രോത്സാഹനം. പ്രഗത്ഭരുടെ സേവനം.

36. <u>സാഹിത്യ സാംസ്കാരിക ചിത്രഗ്യാലറി</u>

സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ പുസ്തകങ്ങൾ, മഹത് വചനങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ, ആസ്വാദനക്കുറിപ്പുകൾ, കവിതകൾ എന്നിവ പ്രദർശിപ്പിക്കൽ, ആർട്ട് ഗ്യാലറികൾ സന്ദർശിക്കൽ

## അക്കാദമിക പ്ലാൻ Short Term- Malayalam

| SL No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) | 1. Pre-Test (2-6-17)<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക.<br>7. വാക്യങ്ങൾ നിർമ്മിക്കൽ.<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ പറയൽ<br>10. ചിത്രം - കഥ എഴുതൽ<br>11. കഥ - ബാക്കി എഴുതൽ<br>12. കഥാപുസ്തകം നൽകൽ<br>13. CD -ൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>14. ഭാഷാപരമായ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | 2 months<br>Aug - Sept. | പുസ്തകങ്ങൾ<br>CD | BRC<br>DIET<br>SCERT<br>PTA<br><br>BRC<br>IED<br>Trainer<br>PTA |

| Sl. No | Programme | Activity | Duration | [illegible] | പിന്തുണ |
|---|---|---|---|---|---|
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക - (വായനക്കളം) | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനാമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ.<br>3. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>4. സമീപ ഗ്രന്ഥശാല അംഗത്വം<br>5. വായനോത്സവം സംഘടിപ്പിക്കൽ<br>6. പത്രവായന<br>7. അമ്മ വായന<br>8. പുസ്തക ചർച്ച<br>9. വായനാനുഭവം പങ്കുവയ്ക്കൽ<br>10. വായനാക്കുറിപ്പ് പതിപ്പ്<br>11. വിദ്യാരംഗം കലാ-സാഹിത്യവേദി പ്രവർത്തനം ക്ലാസ് സഭ<br>12. സ്കൂൾ സഭ, ബാലസഭ<br>13. ദിനാചരണങ്ങൾ<br>14. ആകാശവാണി ക്ലബ്ബ്<br>15.സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>16. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും | 6 months | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>ഗ്രന്ഥശാല<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>വായനാമുറി | BRC<br>DIET<br>SCERT<br>ഗ്രന്ഥശാല<br>PTA<br>BRC |

| Sl. No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | | 17 ആസ്വാദകരമായ വായന<br>18. വായനാസാമഗ്രികൾ വികസിപ്പിക്കൽ<br>19. ഇ-വായന<br>20. ] pk ¥ I wH cpt Å (UP വായന)<br>21. വായനക്കൂട്ടം മോണിറ്ററിംഗ്<br>22. കാവ്യക്കൂട്ടം | | ഇന്റർനെറ്റ് കമ്പ്യൂട്ടർ | |
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുകൂട്ടം) | 1. എഴുത്തുകൂട്ട രൂപീകരണം<br>2. പുസ്തക ചർച്ച<br>3. ക്ലാസ് ലൈബ്രറി<br>4. വായനാക്കുറിപ്പ് പതിപ്പ്<br>5. സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം<br>6. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>7. ഇൻലന്റ് മാഗസിൻ, ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ<br>8. സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ | 6 months | ലൈബ്രറി<br>പുസ്തകങ്ങൾ | BRC<br>DIET<br>SCERT<br>PTA |

| Sl. No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | | 9. എഴുത്തുകൂട്ടം മോണിറ്ററിംഗ്<br>10 വായനാക്കുറിപ്പ് ആസ്വാദനക്കുറിപ്പ്<br>11. ബാലസഭ<br>12. പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>13. വ്യക്തിഗത രചന സംഘരചന<br>14. ഭാഷാ പ്രോജക്ട്<br>15. സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം<br>16. രചയിതാക്കളെ പരിചയപ്പെടൽ<br>17. സാഹിത്യ സാംസ്കാരിക ചിത്രഗ്യാലറി | Auditorium | ജീവചരിത്ര പുസ്തകങ്ങൾ<br>ഗ്രന്ഥശാല<br>ഫോട്ടോകൾ<br>പുസ്തകങ്ങൾ | BRC<br>ജനപ്രതിനിധി<br>PTA<br>Teachers |

**ലക്ഷ്യങ്ങൾ**

1. ഒന്നു മുതൽ 4 വരെയുള്ള ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടുക.
2. ഗണിതത്തിൽ കുട്ടികളെ ആകർഷിപ്പിക്കുന്ന പ്രവർത്തനങ്ങൾ നൽകുക.
3. ICT അധിഷ്ഠിതവും പ്രക്രിയാബന്ധവുമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
4. മികച്ച ഗണിതലാബ് ഒരുക്കുക.
5. ഗണിത ക്ലബ്ബ് രൂപീകരണം
6. ലൈബ്രറിയിൽ ഗണിത പുസ്തകങ്ങൾ ഉൾപ്പെടുത്തുക.
7. ഗണിത ശാസ്ത്ര മേളകളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | ചുമതല |
|---|---|---|---|---|---|---|
| 1 | ഗണിത പഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തുക. | 1. ഗണിതക്കളികൾ<br>2, ഗണിത ക്യാമ്പുകൾ<br>3. ഗണിത ശ്ലിപശാല<br>4. ഗണിത മാഗസിൻ<br>5. ICT യിലെ ഗണിത പ്രവർത്തനങ്ങൾ<br>6. ഗണിത ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ<br>7. ഗണിത ചരിത്രം പരിചയപ്പെടുത്തൽ<br>8. ഗണിതപാട്ടുകൾ<br>9. ഗണിത മേളകൾ<br>10. രസകരവും ആകർഷകവുമായ ക്ലാസുകൾ | ഒരു വർഷം | പുസ്തകങ്ങൾ, CD, ഗണിതമൂല, ഗണിത ലൈബ്രറി, ഗണിത വിദഗ്ദ്ധരുടെ ക്ലാസുകൾ | PTA, HM ചിലവു വരുന്ന തുക 5000 | ഗണിത ക്ലബ്ബ്, ഗണിതാ ദ്ധ്യാപകൻ |
| 2. | ഗണിത പിന്നോക്കാവസ്ഥ പരിഹരിക്കുക. | 1. പ്രീ -ടെസ്റ്റ്<br>2. ഗണിതം മധുരം പദ്ധതി<br>3. ശ്രദ്ധ പദ്ധതി<br>4. ലഘുവർക്ക് ബുക്കുകൾ നൽകുക<br>5. സംഖ്യാബോധങ്ങൾ ഉറപ്പിക്കുക<br>6. രക്ഷിതാക്കൾക്കുള്ള ക്ലാസുകൾ<br>7. ഗണിതക്വിസ്, പസിലുകൾ<br>8 നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ | വർഷങ്ങളോളം | പുസ്തകങ്ങൾ, സംഖ്യാ കാർഡ്, വിദഗ്ദ്ധരുടെ ക്ലാസുകൾ | PTA, BRC CRC, DIET പൂർവ്വവിദ്യാർത്ഥികൂട്ടായ്മകൾ ചിലവാകുന്ന തുക 5000 | ഗണിത ക്ലബ്ബ് ഗണിതാ ദ്ധ്യാപകൻ |

| ക്രമ \ ഘ A | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | ചുമതല |
|---|---|---|---|---|---|---|
| 1. | ഗണിത ക്ലബ്ബ് രൂപീകരണം | • ഓരോ ക്ലാസിലെയും ഗണിതാഭിരുചിയിലുള്ള കുട്ടികളെ ക്ലബ്ബിലെ അംഗങ്ങളായി ഇരിക്കുക<br>• ക്ലബ്ബ് അംഗങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും നടപ്പിലാക്കുക<br>• പഠനോപകരണനിർമ്മാണ ശില്പശാല<br>• ദിനാചരണങ്ങൾ<br>• ചിത്ര-പുസ്തക പ്രദർശനം | ഓരോ അക്കാദമിക വർഷവും | പുസ്തകങ്ങൾ, CD<br><br>ശില്പശാല നിർമ്മാണ വസ്തുക്കൾ | PTA, SRG, HM, BRC<br><br>ചിലവാകുന്ന തുക 3000 | ഗണിതാധ്യാപകർ |
| 4. | ഗണിത ലാബ് | • വിദ്യാലയത്തിൽ ഗണിതവുമായി ബന്ധപ്പെട്ട രസകരവും ലളിതവുമായ ഉപകരണങ്ങൾ രൂപങ്ങൾ, ചിത്രങ്ങൾ, അബാക്കസ്, വർക്കിംങ് മോഡൽ എന്നിവ ചിട്ടയായി ഒരുക്കുക.<br>• ടാൻഗ്രാം | ഓരോ അധ്യായന വർഷവും | ഉപകരണങ്ങൾ, രൂപങ്ങൾ, ചിത്രങ്ങൾ. മണിചട്ട | PTA, HM,<br><br>ചിലവാകുന്ന തുക 10,000 | ഗണിത ക്ലബ്ബ് ഗണിതാധ്യാപകർ |

| ക്രമ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | ചുമതല |
|---|---|---|---|---|---|---|
| 5. | ICT അധിഷ്ഠിത ഗണിതപാഠനപ്രവർത്തനങ്ങൾ | • ചതുഷ്ക്രിയകളുമായി ബന്ധപ്പെട്ട കളികൾ<br>• ഗണിതപാട്ടുകൾ<br>• വിവിധ ഗണിത രൂപങ്ങൾ പരിചയപ്പെടുത്തുക<br>• കളിപ്പെട്ടി<br>• ഗണിതകളികൾ<br>• Internet സേവനം ക്ലാസ് മുറിയിൽ | ഓരോ അധ്യായന വർഷവും | CD, പുസ്തകങ്ങൾ, രൂപങ്ങൾ | PTA, HM,<br>ചിലവാകുന്ന തുക 5,000 | ഗണിത ക്ലബ്ബ് ഗണിതാധ്യാപകൻ |
| 6 | ഗണിത ശാസ്ത്രമേളകളിൽ കുട്ടികളുടെ പങ്കാളിത്തം | • കുട്ടികൾ വിവിധ ക്ലാസ്സും പ്രവർത്തനമായി തയ്യാറാക്കിയ മാഗസിനുകൾ മത്സരത്തിന് സജ്ജമാക്കുക.<br>• സ്റ്റിൽ മോഡൽ, വർക്കിംഗ് മോഡൽ എന്നിവയിൽ പരിശീലനം നല്കുക<br>• ആവശ്യമെങ്കിൽ വിദഗ്ദ്ധരായ ആളുകളുടെ സഹായം തേടുന്നു | ഓരോ അധ്യായന വർഷവും | ഗണിത ക്ലബ്ബ് ഗണിതവിദഗ്ദ്ധർ | PTA, HM,<br>ചിലവാകുന്ന തുക 2,500 | ഗണിതാധ്യാപകൻ |

* **ഇംഗ്ലീഷ് പാഠത്തിലെ പാട്ടുകൾ കഥകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. (ICT)**

**ഇംഗ്ലീഷ് ഭാഷയോട്** കൂടുതൽ താല്പര്യം ഉളവാക്കുന്ന ഒരു പ്രവർത്തനമാണിത്. ഇംഗ്ലീഷ് **പാഠഭാഗത്തിലെ** പാട്ടുകൾ, കഥകൾ എന്നിവ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുമ്പോൾ കുട്ടിക **ളിൽ (മൂർത്ത** ചിന്താശേഷിയും) വർദ്ധിക്കുന്നു. ഭാഷയോട് കൂടുതൽ താല്പര്യം ഉണ്ടാകുന്നു. **ഓരോ** പാഠഭാഗവും മനസ്സിലാക്കുന്നതിന് ഏറെ പ്രയോജനകരമാണ്. ഓരോ word ന്റെയും pronounciation മനസ്സിലാക്കുന്നതും തുടർന്ന് കുട്ടികളുടെ pronounciation clean ആക്കുകയും ചെയ്യുന്നു.

* **സമാനകഥകൾ, കവിതകൾ, മോറൽ സ്റ്റോറീസ്, CD പ്രദർശനം**

ഇംഗ്ലീഷ് ലളിതമാക്കുന്നതിനുള്ള മറ്റൊരു പ്രവർത്തനമാണിത്.

* **ഇംഗ്ലീഷ് ക്ലാസിൽ അധ്യാപകൻ പരമാവധി ഇംഗ്ലീഷിൽ സംസാരിക്കുന്നു.**

ഇംഗ്ലീഷ് ക്ലാസുകളിൽ അധ്യാപകൻ പരമാവധി ഇംഗ്ലീഷിൽ സംസാരിക്കുന്നതുമൂലം കുട്ടികൾക്ക് ഇംഗ്ലീഷ് കേൾക്കുവാനുള്ള കൂടുതൽ സാഹചര്യം ഉണ്ടാകുന്നു. തുടർന്ന് കുട്ടി കളും ഇംഗ്ലീഷ് സംസാരിക്കുന്നു.

* **ഇംഗ്ലീഷ് സംസാരശേഷി വർദ്ധിപ്പിക്കുന്നതിന് ഈസി ഇംഗ്ലീഷ്**

ഇംഗ്ലീഷ് ലളിതമാക്കാനുള്ള പ്രവർത്തനങ്ങൾ നൽകുക. സംഭാഷണം, സ്കിറ്റുകൾ, കുട്ടി കളെ കൊണ്ട് നടത്തിക്കുക. കൂടാതെ എല്ലാ ദിവസവും അരമണിക്കൂർ ക്ലാസുകളിൽ ഇംഗ്ലീഷ് സംസാരിക്കുക.

* **ഇംഗ്ലീഷ് കേൾക്കുവാനും പറയുവാനും ധാരാളം അവസരങ്ങൾ നൽകുന്നു.**

ഇംഗ്ലീഷ് ഭാഷയുടെ പ്രാധാന്യം മനസ്സിലാക്കി കൊണ്ട് ഇംഗ്ലീഷ് കേൾക്കുവാനും പറയാ നുമുള്ള ധാരാളം അവസരങ്ങൾ ക്ലാസുകളിൽ നൽകുന്നു. ഓരോ പാഠത്തിലെയും തീമിനെ ആസ്പദമാക്കി കൊണ്ട് അധ്യാപിക വായനാസാമഗ്രികൾ തയ്യാറാക്കുകയും ഗ്രൂപ്പടിസ്ഥാനത്തിൽ നൽകുകയും ഓരോ ഗ്രൂപ്പും വായിക്കുമ്പോൾ മറ്റു ഗ്രൂപ്പുകൾ അതിനെ ആസ്പദമാക്കി ലഘു ചോദ്യാവലി തയ്യാറാക്കൽ. എല്ലാ ഗ്രൂപ്പവതരണത്തിന് ശേഷം കുട്ടികൾ തമ്മിൽ ചോദ്യങ്ങൾ ചോദിക്കൽ. (പറയുവാനും കേൾക്കുവാനുമുള്ള വലിയൊരവസരമാണ് ഈ പ്രവർത്തനത്തി ലൂടെ കുട്ടികൾക്ക് ലഭിക്കുന്നത്.)

- **English Assembly**

ആഴ്ചയിൽ ഒരു ദിവസത്തെ അസാംബ്ലി ഇംഗ്ലീഷ് അസാംബ്ലി ആക്കുന്നു. അതായത് HM മുതൽ കുട്ടികൾ വരെ ഇംഗ്ലീഷിൽ സംസാരിക്കുന്നു. (News reading, Thought of the day)

- **English Day (Drama, Action songs)**

ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് ഡേ ആക്കുന്നു. ആ ദിവസം മുഴുവൻ കുട്ടികളും അധ്യാപകരും ഇംഗ്ലീഷ് ഭാഷ മാത്രം സംസാരിക്കുന്നു. Drama, Action songs തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നു. കൂടാതെ ഇഷ്ടപ്പെട്ട ഏതെങ്കിലും വിഷയത്തെക്കുറിച്ച് സംസാരിക്കുവാനുള്ള അവസരം നൽകുന്നു.

- **Hello English**

English ഭാഷയോട് കൂടുതൽ താൽപര്യം ഉണ്ടാക്കുന്നതിനായി ഇംഗ്ലീഷ് പത്രവായന, ഇംഗ്ലീഷ് ഡയറി, അക്ഷരങ്ങളുടെ കൃത്യതയ്ക്ക് ഇംഗ്ലീഷ് കോപ്പിയും നൽകൽ. ഇംഗ്ലീഷ് അക്ഷരങ്ങൾ നല്കികൊണ്ട് word കണ്ടെത്തൽ. ഓരോ അക്ഷരത്തിന്റെയും പ്രാധാന്യം തിരിച്ചറിയൽ.

- **English Games**

കളികളോട് താൽപര്യമുള്ള കുട്ടികളെ ഇംഗ്ലീഷ് ഗെയിം നൽകി കൊണ്ട് ഇംഗ്ലീഷ് ഭാഷയോട് അടുപ്പിക്കാം (Puzzels, Games, Jumped word കണ്ടെത്തൽ)

- **Developing Reading Skills**

**Picture Card**

ക്ലാസുകളിൽ ഒഴിവു സമയങ്ങളിൽ Picture Card നൽകി ലഘുവാക്യങ്ങളുണ്ടാക്കി കഥാപൂർത്തീകരണത്തിലൂടെ കുട്ടികളുടെ sentence രൂപീകരണം സാധ്യമാക്കുന്നു. (ഭാവനയിലൂടെ കാണാനും ആശയങ്ങൾ രൂപീകരിക്കുന്നതിനുമുള്ള ശേഷി കൈവരിക്കുന്നു.)

- **Picture Story**

കുട്ടികൾക്ക് ഇംഗ്ലീഷ് picture story നൽകി കൊണ്ട് Story reading and create a story. കുട്ടികളിൽ ഭാവന്യ്ക്കും, കൂടാതെ Story Writting Skill ലും വർദ്ധിക്കുന്നു.

* **Word Bank and Sentence Bank**

ഓരോ ദിവസവും ഓരോ word കണ്ടെത്തി പഠിച്ചുവരികയും word bank ൽ രേഖപ്പെടുത്തുകയും ചെയ്യുക. പഠിച്ച word ഉപയോഗിച്ച് ഒരു sentence ഉണ്ടാക്കുക.

* **ഇംഗ്ലീഷ് ലൈബ്രറി.**

ഓരോ ക്ലാസിലും ഇംഗ്ലീഷ് കോർണർ എന്ന രീതിയിൽ ലൈബ്രറി രൂപീകരിച്ച് വായനയ്ക്ക് അവസരം നൽകൽ.

* **ഇംഗ്ലീഷ് ക്ലബ്**

ഓരോ ക്ലാസിലെയും ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള കുട്ടികളെ കണ്ടെത്തി ക്ലബ്ബംഗങ്ങളാക്കുന്നു. ഇംഗ്ലീഷ് ഭാഷാ വികസനത്തിന് ആവശ്യമായ പ്രവർത്തനങ്ങൾ രൂപീകരിച്ച് ക്ലാസടിസ്ഥാനത്തിൽ അവതരിപ്പിക്കൽ.

| ക്രമ നം | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | ചുമതല |
|---|---|---|---|---|---|---|
| 1 | ഇംഗ്ലീഷ് സംസാര ശേഷി വർദ്ധിപ്പിക്കുന്നതിന് | • ഈസി ഇംഗ്ലീഷ്<br>• ഇംഗ്ലീഷ് കേൾക്കുവാനും പറയുവാനും ധാരാളം അവസരങ്ങൾ നൽകുന്നു<br>• ഇംഗ്ലീഷ് ഭാഷയിലെ പാട്ടുകൾ, കഥകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു (ICT)<br>• സമാനകഥകൾ, കവിതകൾ, മോറൽ സ്റ്റോറീസ്, CD പ്രദർശനം<br>• ഇംഗ്ലീഷ് ക്ലാസിൽ അധ്യാപകർ പരമാവധി ഇംഗ്ലീഷ് സംസാരിക്കുന്നു. | ഓരോ അധ്യായന വർഷവും | CD, പുസ്തകങ്ങൾ, ഇംഗ്ലീഷ് ഭാഷാവിദഗ്ദ്ധരുടെ ക്ലാസുകൾ | PTA, HM | ഇംഗ്ലീഷ് അധ്യാപകർ |
| 2 | Developing Reading Skill | • Spoken English<br>• Picture Cards<br>• Picture Story<br>• Story telling<br>• Newspaper Reading<br>• Work Bank, Sentence Bank | ഓരോ അധ്യായന വർഷവും | ഇംഗ്ലീഷ് ഭാഷാവിദഗ്ദ്ധരുടെ ക്ലാസുകൾ, CD, പുസ്തകങ്ങൾ, പത്രങ്ങൾ, ചിത്രകാർഡുകൾ, | PTA, HM | ഇംഗ്ലീഷ് അധ്യാപകർ |

| ക്രമ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | ചുമതല |
|---|---|---|---|---|---|---|
| 3 | Writing Skill | • Letter Card<br>• Word game<br>• Story Writing<br>• ICT (കളിപ്പെട്ടി)<br>• Add more line<br>• Picture Description<br>• English Magazine<br>• Hello English<br>• English Quiz | ഓരോ അക്കാദമിക വർഷവും | CD, പുസ്തകങ്ങൾ, | PTA, HM | ഇംഗ്ലീഷ് അധ്യാപകർ |